"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം - കൊല്ലം കോർപ്പറേഷനിലെ റവന്യൂവിഭാഗത്തിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന- ക്രമക്കേടുകളിൽ സമഗ്രമായ അന്വേഷണം നടത്തുന്നത് -അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.2226/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/11/2020

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.01.2020 തീയതിയിലെ ഇ3(എസ്.സി.99/2019/കൊല്ലം) 42193/2019 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം കോർപ്പറേഷനിലെ റവന്യൂ വിഭാഗത്തിലെ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ 28.10.2019ന് ടി ഓഫീസിൽ പരിശോധന നടത്തുകയും, അതിൻപ്രകാരം 2015-16 മുതൽ 2019-20 കാലയളവിൽ നൽകിയിട്ടുള്ള കെട്ടിടനമ്പർ സംബന്ധിച്ച ഫയലുകളുടെ റാൻഡം പരിശോധനയിൽ വില്ലേജാഫീസുകളിൽ അടയ്ക്കേണ്ടതായ ഒറ്റത്തവണ കെട്ടിട നികുതി അടച്ചതിന്റെ രേഖകൾ പരിശാധിക്കാതെ കൊല്ലം കോർപ്പറേഷനിലെ റവന്യൂവിഭാഗം ഉദ്യോഗസ്ഥർ കെട്ടിടനമ്പർ അനുവദിച്ചത് 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) ന്റെ ലംഘനമാണെന്നും ആയത് വഴി സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായതായും കണ്ടെത്തിയിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ തദ്ദേസ്വയംഭരണവകുപ്പിന്റെ വിജിലൻസ് വിഭാഗത്തെക്കൊണ്ട് സമഗ്രമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുന്നതിന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കൊല്ലം കോർപ്പറേഷൻ ഓഫീസിലെ 2015-16 മുതൽ 2019-20 കാലയളവിൽ റസിഡെൻഷ്യൽ /കൊമേഴ്സ്യൽ ഉൾപ്പടെ കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകിയിട്ടുള്ള ഫയലുകളിൽ സമഗ്രമായ അന്വേഷണം നടത്തി 15ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

കൊല്ലം നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ